# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2669** 19/06/2014 ൽ മറുപടിക്ക്

### വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണ പദ്ധതി

**ചോദ്യം**

ശ്രീ. എം. എ. വാഹിദ്
,, സണ്ണി ജോസഫ്
,, കെ. മുരളീധരൻ
,, വർക്കല കഹാർ

എ) ഈ സർക്കാരിന്റെ കാലത്ത് സ്കൂൾകുട്ടികളുടെ ഉച്ചഭക്ഷണ പദ്ധതി വിപുലീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**ഉത്തരം**

ശ്രീ.പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

എ) വിപുലീകരിച്ചിട്ടുണ്ട്. ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രാദേശിക സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത് പോഷക സമൃദ്ധമായ ആഹാരം നൽകുന്നതിനും നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിനുമായി ഒരു അദ്ധ്യയനവർഷം കുട്ടി ഒന്നിന് ഒരു നിശ്ചിത തുക നിശ്ചയിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും ഇ-ട്രാൻസ്ഫർ മുഖേന സ്കൂൾ പ്രഥമാധ്യാപകർക്ക് നേരിട്ട് മുൻകൂർ നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. മുൻകാലങ്ങളിൽ കുട്ടികൾക്ക് ആവശ്യമായ അരി, പയർ എന്നിവ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണന ശാലകളിൽനിന്നും, പാൽ മിൽമയിൽ നിന്നുമാണ് വാങ്ങിയിരുന്നത്. കൂടാതെ പലവ്യഞ്ജനം, എണ്ണ, പച്ചക്കറി, വിറക് എന്നിവ വാങ്ങുന്നതിന് കുട്ടി ഒന്നിന് ഒരു രൂപാ നിരക്കിൽ സ്കൂൾ പ്രഥമാധ്യാപകർക്ക് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ മുഖേന തുക നൽകിവന്നിരുന്നു. മുട്ടക്ക് പ്രത്യേകമായും തുക നൽകിവന്നിരുന്നു. എന്നാൽ പരിഷ്കരിച്ച ഉത്തരവ് പ്രകാരം അരി ബന്ധപ്പെട്ട മാവേലി സ്റ്റോർ മുഖേന നൽകുന്നതിനും പയർ, പാൽ, മുട്ട, പലവ്യഞ്ജനം, എണ്ണ, വിറക് എന്നിവ സ്കൂൾ നൂൺമീൽ കമ്മിറ്റിക്ക് പ്രാദേശിക സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് പ്രാദേശികമായിതന്നെ വാങ്ങുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതിയുടെ വിപുലീകരണവും പരിഷ്ക്കരണവും സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം ; | ബി) | അരി ബന്ധപ്പെട്ട മാവേലിസ്റ്റോർ മുഖേന സ്കൂളുകൾക്ക് ലഭിക്കുന്നു. കുട്ടി ഒന്നിന് 5/- രൂപ നിരക്കിൽ സ്കൂൾ പ്രഥമാധ്യാപകന് മുൻകൂറായി നൽകുന്നുണ്ട്. പ്രാദേശിക സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത് കുട്ടികൾക്ക് പോഷക സമൃദ്ധമായ ആഹാരം നൽകുവാൻ സ്കൂൾ നൂൺമീൽ കമ്മിറ്റിക്ക് അനുമതി നൽകിയിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | സി) | കുട്ടികൾക്ക് ആവശ്യമായ അരി മുൻകൂറായി മാവേലി സ്റ്റോറിൽ നിന്നും ലഭിക്കുന്നതിനു ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ ഇൻഡന്റ് പാസ്സാക്കി നൽകുന്നു. അരിയുടെ വില FCI ക്ക് നൽകുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് മുൻകൂറായി തുക അനുവദിക്കുന്നു. കടത്തുകൂലിയിനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനും തുക യഥാസമയം നൽകിവരുന്നുണ്ട്. കൂടാതെ സ്കൂൾ പാചകത്തിന് ആവശ്യമായ പലവ്യഞ്ജനം, പച്ചക്കറി, മുട്ട, പാൽ, വിറക് എന്നിവ വാങ്ങുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും 6 മാസത്തേക്ക് ആവശ്യമായ തുക മുൻകൂറായി സ്കൂൾ പ്രഥമാധ്യാപകന്റെ സ്കൂളിലെ അക്കൗണ്ടിലേക്ക് ഇ-ട്രാൻസ്ഫർ മുഖേന നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ